പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2237 — 23.3.2012 ൽ മറുപടിയ്ക്ക്

അവശത അനുഭവിക്കുന്നവർക്കായി ധനസമാഹരണം

ചോദ്യം — മറുപടി

ശ്രീ. ജോസ് തെറ്റയിൽ — ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആശ്വാസമേകുന്നതിനായി 100 കോടി രൂപ സമാഹരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കി വരുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ അനുമതിയോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസമാഹരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റാമ്പ് വിൽപ്പനയിലൂടെ 11 കോടി രൂപയും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുമായി അവരുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും 22,28,00,000/- രൂപ സംഭാവന നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇ-പേമെന്റ് ഗേറ്റ് വേ മുഖാന്തിരം സംഭാവന നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന ആശ്വാസപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>(1) <u>സ്നേഹസാന്ത്വനം പദ്ധതി</u><br>എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ധനസഹായം അനുവദിക്കു ന്ന പദ്ധതി.<br>(2) <u>ആശ്വാസകിരണം പദ്ധതി</u><br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരുമായവരെ പരിചരിക്കുന്ന പരിചാരകർക്ക് പ്രതിമാസ |

| | |
|---|---|
| | ധനസഹായം അനുവദിക്കുന്ന പദ്ധതി. 18,000 ൽ പരം ഗുണഭോക്താക്കൾക്ക് മുടക്കമില്ലാതെ ധനസഹായം അനുവദിച്ചുവരുന്നു.<br><br>(3) സ്നേഹസ്പർശം പദ്ധതി<br><br>അഗതികളായ അവിവാഹിത അമ്മമാർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും മുടക്കമില്ലാതെ ധനസഹായം അനുവദിച്ച് വരുന്നു.<br>(4) മാരക രോഗബാധിതരും ക്യാൻസർ രോഗബാധിതരും ആയ 18 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്ക് നൽകി വരുന്ന ചികിത്സാ ധനസഹായ പദ്ധതിയാണ് താലോലം, ക്യാൻസർ സുരക്ഷാ പദ്ധതികൾ. ഇത് സംസ്ഥാനത്ത് തെരഞ്ഞെടുത്ത ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.<br>(5) വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ- സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും സമയബന്ധിതമായി മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.<br><br>(6) വയോമിത്രം പദ്ധതി- 65 വയസിനുമുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലേയും കോർപ്പറേഷൻ/ മുൻസിപ്പൽ പ്രദേശങ്ങളിൽ വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നു.<br><br>(7) വിശപ്പു രഹിത നഗരം പദ്ധതി- നഗരങ്ങളിലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും സൌജന്യമായി ഭക്ഷണം നൽകുന്ന പദ്ധതിയാണിത്. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടപ്പാക്കി വരുന്നു. |

| | |
|---|---|
| | അധിക ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് ശ്രവണ വൈകല്യം മാറ്റുന്നതിനുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയും വയോജന നയത്തിൽ വിഭാവന ചെയ്യുന്ന പദ്ധതികളും പരിപാടികളും നടപ്പാക്കാനുമുദ്ദേശിക്കുന്നു. |

R. Vijayakumar

സെക്ഷൻ ഓഫീസർ